**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3813** **17-03-2025 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടർക്കെതിരെയുള്ള പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടർ ബി. ശ്രീകുമാർ മതസ്പർദ്ധ വളർത്തുന്ന തരത്തിൽ വകുപ്പുതല യോഗത്തിൽ സംസാരിച്ചതായും വകുപ്പ് തലത്തിലെ വനിതാ ജീവനക്കാരിയെ അധിക്ഷേപിച്ചതായും പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | **ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പരാതികൾ ഉന്നയിച്ച ഉദ്യോഗസ്ഥർക്കെതിരെ ഡയറക്ടർ പ്രതികാര നടപടികൾ സ്വീകരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | **ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത വ്യക്തി വകുപ്പിലെ വനിതാ ജീവനക്കാരെ അധിക്ഷേപിച്ചത് സംബന്ധിച്ച് മുൻപ് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തെങ്കിലും അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | **പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിനു കെ.എസ്.ആർ.ഇ.സി ഡയറക്ടർ ശ്രീ നിസാമുദ്ദീനെ ചുമതലപ്പെടുത്തുകയും ടി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി ഡയറക്ടറെ നേരിൽ കേൾക്കുകയും എല്ലാ വിഭാഗം ജീവനക്കാരെയും, ഉൾപ്പെടുത്തി ജീവനക്കാരുടെ വിശ്വാസം നേടിയെടുത്ത് പ്രവർത്തിക്കുന്നതിനു ഡയറക്ടർക്ക് നേരിട്ട് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ